(എച്ച്) നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ സ്വകാര്യ-സർക്കാർ ഉടമസ്ഥതയിലുള്ള ആശുപത്രികളിൽ ബയോമെഡിക്കൽ വേസ്റ്റ് റൂളിൽ അനുശാസിക്കുന്ന തരത്തിലുള്ള മാലിന്യ ശേഖരണ-സംസ്കരണ-നിർമ്മാർജ്ജന സംവിധാനങ്ങൾ ഏർപ്പെടുത്താനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. സർക്കാർ ആശുപത്രികളുടെ കാര്യത്തിൽ ഇക്കാര്യങ്ങൾ ത്വരിതപ്പെടുത്താനായി ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ പ്രതിമാസ അവലോകന മീറ്റിംഗുകൾ നടത്തിവരുന്നു. കഴിയുന്നത്ര പെട്ടെന്നുമാലിന്യ സംസ്കരണ സംവിധാനങ്ങൾ വേഗത്തിൽ സ്ഥാപിക്കാനുള്ള നടപടികൾ സംസ്ഥാന സർക്കാരിന്റെയും ഐ.എം.എ.-യുടെയും അഭിമുഖ്യത്തിൽ നടന്നുവരുന്നു.

ഗ്രാമവികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

*8 [281] ശ്രീ. മത്തായി ചാക്കോ:
" വി. കെ. ചന്ദ്രൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ ജനതയുടെ ജീവിത നിലവാരം ഉയർത്തുന്നതിന് ഗ്രാമവികസന വകുപ്പ് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) കേന്ദ്ര ഗ്രാമീണ വകുപ്പിന്റെ കീഴിൽ വരുന്ന സമ്പൂർണ്ണ ഗ്രാമീണ റോസ്ഗാർയോജന, പി.എം.ജി.എസ്.വൈ., എസ്.ജി.എസ്.വൈ., ജെ.ഒ.എസ്.വൈ. അന്നപൂർണ്ണ സ്കീം എന്നീ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ;

(സി) ഈ പദ്ധതികൾ പ്രകാരം ഗ്രാമീണ മേഖലയിൽ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും എത്ര കിലോമീറ്റർ റോഡുകൾ പൂർത്തീകരിക്കാനും കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) എസ്.ജി.എസ്.വൈ. പദ്ധതിപ്രകാരം എത്ര പേർക്ക് സ്വയം തൊഴിൽ സഹായം നൽകാൻ കഴിഞ്ഞിട്ടുണ്ട്; ഇതിനുവേണ്ടി കഴിഞ്ഞ രണ്ടു സാമ്പത്തിക വർഷങ്ങളിൽ എന്തു തുക ചെലവഴിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ;

(ഇ) ജവഹർ ഗ്രാം സമൃദ്ധി യോജന പദ്ധതിമൂലം ഗ്രാമീണരുടെ ജീവിത നിലവാരം ഉയർത്തുവാൻ കഴിഞ്ഞിട്ടുണ്ടോ; സംസ്ഥാനത്ത് ഏതെല്ലാം പ്രദേശങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് എന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്):

(എ) ഗ്രാമീണ ജനതയുടെ ജീവിത നിലവാരം ഉയർത്തുന്നതിന് ഗ്രാമവികസന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

(i) സ്വർണ്ണ ജയന്തി ഗ്രാമ സ്വറോസ്ഗാർ യോജന (എസ്.ജി.എസ്.വൈ.)

(ii) ഇന്ദിര ഭവന നിർമ്മാണ പദ്ധതി (ഐ.എ.വൈ.)

(iii) സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന (എസ്.ജി.ആർ.വൈ.)

(iv) സമ്പൂർണ്ണ ശുചിത്വ പരിപാടി

(v) പ്രധാനമന്ത്രിയുടെ ഗ്രാമ സഡക്യോജന (പി.എം.ജി.എസ്.വൈ.)

(vi) സംയോജിത തരിശ്ഭൂമി വികസന പരിപാടി (ഐ.ഡബ്ല്യു.ഡി.പി./ഹരിയാലി)

(ബി) കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ കീഴിൽ വരുന്ന സമ്പൂർണ്ണ ഗ്രാമീണ റോസ്ഗാർയോജന, പി.എം.ജി.എസ്.വൈ., എസ്.ജി.എസ്.വൈ., ജെ.ജി.എസ്.വൈ. എന്നീ പദ്ധതികൾ സംസ്ഥാന ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുണ്ട്. അന്നപൂർണ്ണ പദ്ധതി സംസ്ഥാനത്ത് ഗ്രാമവികസന വകുപ്പ് മുഖേനയല്ല നടപ്പിലാക്കുന്നത്. ജെ.ഒ.എസ്.വൈ. എന്ന പേരിൽ ഒരു പദ്ധതി സംസ്ഥാന ഗ്രാമവികസന വകുപ്പ് നടപ്പിലാക്കുന്നില്ല.

(സി) എസ്.ജി.എസ്.വൈ. പദ്ധതി പ്രകാരം നാളിതുവരെ 1,29,297 വ്യക്തികൾക്ക് സ്വയം തൊഴിൽ സഹായം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ എസ്.ജി.ആർ.വൈ. പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം 100.88 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം 225.424 കിലോമീറ്റർ റോഡും പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) എസ്.ജി.എസ്.വൈ. പദ്ധതി പ്രകാരം നാളിതുവരെ ചെറുകിട തൊഴിൽ സംരംഭങ്ങൾക്കായി 1,29,297 വ്യക്തികൾക്ക് സ്വയം തൊഴിൽ സഹായം നൽകാൻ കഴിഞ്ഞിട്ടുണ്ട്.

കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ എസ്.ജി.എസ്.വൈ. പദ്ധതി പ്രകാരം 3184.98 ലക്ഷം രൂപ സബ്സിഡിയായും 5427.12 ലക്ഷം രൂപ വായ്പാ ഇനത്തിലും ചെലവഴിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്. സംസ്ഥാനത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഈ പദ്ധതി നടപ്പിലാക്കിയിരുന്നു. ഇപ്പോൾ ഈ പദ്ധതി എസ്.ജി.ആർ.വൈ. പദ്ധതിയിൽ ലയിപ്പിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly